ഭരണഭാഷ-മാതൃഭാഷ

നമ്പർ :DTETVM/7137/2024-C2 (ACA)

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

തീയതി : 11-08-2024

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക്(എ) സെക്ഷൻ - മാലിന്യ മുക്തം നവകേരളം എന്ന ആശയം നടപ്പിലാക്കുന്നതിൻറെ ഭാഗമായി ചേർന്ന യോഗ തീരുമാനം - നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- 22.05.2024 തീയതിയിൽ ചേർന്ന യോഗത്തിലെ നിർദേശങ്ങൾ

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ മാലിന്യ സംസ്കരണം എന്ന ആശയം വിദ്യാർഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 22.05.2024 ചേർന്ന യോഗത്തിൽ "മാലിന്യ മുക്തം നവകേരളം" എന്ന കർമ്മ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളും ഇതോടൊപ്പം ഉൾകൊള്ളിച്ചിരിക്കുന്ന യോഗ തീരുമാനത്തിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദേശിക്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന്കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും (വെബ്സൈറ്റ് മുഖാന്തിരം)
2. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

***MOST URGENT***

**GOVERNMENT OF KERALA**

Higher Education (K) Department

No:K3/94/2024-HEDN 29-07-2024,Thiruvananthapuram

From

Principal Secretary to Government

To

1) The Director of Collegiate Education, Thiruvananthapuram.
2) The Director of Technical Education, Thiruvananthapuram.
3) The Additional Director General, NCC, Thiruvananthapuram
4) The State Level NSS Officer, Vikas Bhavan, Thiruvananthapuram
5) The Registrar, University of Kerala, Thiruvananthapuram/ M.G.University, Kottayam/Sree Sankaracharya University Sanskrit, Kalady, Ernakulam/ Cochin University of Science and Technology,Kochi/Calicut University, Malappuram/ Kannur University, Kannur/ Malayalam University, Thirur/National University of Advanced Legal Studies,NUALS Campus, H.M.T. Colony P.O., Kalamassery, Ernakulam/A P J Abdul Kalam Technological University, College of Engineering Campus, Thiruvananthapuram/ Sreenarayana Guru Open University, University Building, Kureepuzha, Kollam - 691601
6) The Director, Institute of Human Resource Development, T.C 86/1949 (2), Chackai, Pettah. P.O., Thiruvananthapuram
7) The Director of LBS Centre, Thiruvananthapuram
8) The Director, Centre for Continuing Education Kerala, Anathara Lane, Charachira, Kowdiar P.O., Thiruvananthapuram - 3.
9) The Principal, Law College, Thiruvananthapuram/Ernakulam/ Thrissur/Kozhikode.

Sir,

Sub: Higher Education Department - Waste Management and Anti Drug activities - Meeting - Minutes forwarding of - Reg.

Ref: Minutes of the meeting held on 22-05-2024.

I am to forward herewith the copy of the minutes of the meeting held on 22-05-2024 for urgent necessary action and also for

furnishing Action Taken Report in the matter, (in Malayalam editable word format also) to Government urgently.

Yours Faithfully,
SANGEETHA S
UNDER SECRETARY
For Principal Secretary to Government.

Approved for Issue,

Section Officer.

**<u>മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്ന പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി 22.05.2024 ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സംയുക്ത യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

<u>യോഗത്തിൽ പങ്കെടുത്തവർ</u>

ശ്രീമതി. ശാരദ മുരളീധരൻ IAS അഡീഷണൽ ചീഫ് സെക്രട്ടറി , WM, LSGD
ഡോ . ഷർമിള മേരി ജോസഫ് IAS പ്രിൻസിപ്പൽ സെക്രട്ടറി, LSGD
ശ്രീമതി. ഇഷിതാ റോയി IAS, പ്രിൻസിപ്പൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ
ശ്രീമതി. റാണി ജോർജ് IAS, പ്രിൻസിപ്പൽ സെക്രട്ടറി, ജനറൽ എഡ്യൂക്കേഷൻ
ശ്രീ. മഹിപാൽ യാദവ്, Excise Commissioner
ശ്രീ. സലിം .വി .എ, JEC (APC) Excise
ശ്രീ. സുനിൽ ജോൺ, ഡെപ്യൂട്ടി ഡയറക്ടർ Collegiate Education
ശ്രീ. ടി .എം .മുഹമ്മദ് ജാ, ഡയറക്ടർ, ശുചിത്വ മിഷൻ
ശ്രീ. ജയപ്രകാശ് .ആർ .കെ, ഡയറക്ടർ, SCERT, Kerala
ശ്രീമതി. രാജശ്രീ എം .എസ്, Director of Technical Education ( In charge)
ശ്രീ. ഷൈൻ മോൻ, അഡീഷണൽ ഡയറക്ടർ , DGE
ശ്രീ. ജഗജീവൻ എൻ. consultant, മാലിന്യ മുക്തം ക്യാമ്പയിൻ സെക്രട്ടേറിയറ്റ്
ശ്രീമതി. ഗോപിക ഉദയൻ KAS, അണ്ടർ സെക്രട്ടറി, LSGD
ശ്രീ. അബു ഫൈസൽ .കെ, AD, (SWAG) PD, LSGD
ശ്രീമതി. സിന്ധു .പി .കെ, അഡീഷണൽ സെക്രട്ടറി, HEDN
ശ്രീമതി. ദിവ്യ .ജി , ഡെപ്യൂട്ടി ഡയറക്ടർ, PD, LSGD

യോഗം രാവിലെ 11 മണിക്ക് ആരംഭിച്ചു.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ജനകീയമാക്കുന്നതിന് സഹായകരമായ നിരവധി പ്രവർത്തനങ്ങളാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്നും കഴിഞ്ഞ ഒരു വർഷ കാലയളവിൽ ഉണ്ടായതെന്ന് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പറഞ്ഞു. എൻ

എസ് എസ് ഏറ്റെടുത്ത് നടപ്പിലാക്കിയ സ്നേഹാരാമം പദ്ധതിക്ക് വലിയ പ്രചാരണം ലഭിച്ചു. ഇന്ന് സംസ്ഥാനത്തെ **3000** ഗാർബേജ് വൾണറബിൾ പോയിൻ്റുകൾ സ്നേഹാരാമങ്ങളായി മാറ്റുവാൻ കഴിഞ്ഞു , സംസ്ഥാനത്ത് മാലിന്യ സംസ്കരണ രംഗത്ത് മാതൃകാ പ്രവർത്തനം കാഴ്ചവെച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരവധിയാണെന്നും ഈ പ്രവർത്തനങ്ങൾ കൂടുതൽ വിദ്യാഭ്യസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുമെന്നും ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗ്രീൻ ക്യാമ്പസുകളായി പ്രഖ്യാപിക്കുമെന്നും, യൂണിവേഴ്സിറ്റി അംഗീകരിക്കുന്ന ഗ്രേഡഡ് ഓൺലൈൻ കോഴ്സിന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണ വിഷയം ഉൾപ്പെടുത്തുമെന്നും, ഇന്റേൺഷിപ്പ്, പ്രൊജക്റ്റ്, ഗവേഷണം എന്നിവയിലേക്ക് ശാസ്ത്രീയ മാലിന്യ സംസ്കരണ വിഷയങ്ങളും ഉൾപ്പെടുത്തുമെന്നും, **2024-25** അധ്യയന വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന വിദ്യാഭ്യസ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള നോളഡ്ജ് ഫെസ്റ്റിവൽ സംഘടിപ്പിക്കുമെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണ വകുപ്പ് (മാലിന്യ സംസ്കരണം) അഡിഷണൽ ചീഫ് സെക്രട്ടറി മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയുക്തമായി നടത്തുവാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടി യോഗത്തിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിച്ച കർമ്മ പരിപാടി **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

“മാലിന്യ മുക്തം നവകേരളം” ക്യാമ്പയിന്റെ ഭാഗമായി നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി നിരവധി വിദ്യാർത്ഥികൾ മാതൃകാപരമായ പ്രവർത്തനങ്ങൾ സ്വതന്ത്രമായി ഏറ്റെടുത്തു നടത്തുന്നു എന്നതും ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ആവേശം നൽകുന്നതാണ്. സ്കൂൾ, ക്ലാസ്സ്റൂം, പരിസരം, വീട്, പൊതു ഇടങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ശുചിത്വം, മാലിന്യസംസ്കരണം സംബന്ധിച്ച് ഒട്ടേറെ വിവര വിജ്ഞാന വ്യാപന പരിപാടികൾ ഇതിനകം നടന്നിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനം ഉറപ്പുവരുത്താനും സ്കൂളുകൾ സീറോ വേസ്റ്റ്

ക്യാമ്പസായി പ്രഖ്യാപിക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എന്നാൽ ഇനിയും ഇക്കാര്യത്തിൽ സമ്പൂർണത കൈവരിക്കേണ്ടതായിട്ടുണ്ട്. മാലിന്യ പരിപാലനം സമ്പൂർണമാക്കുന്നതിനും വലിച്ചെറിയൽ ശീലം ഇല്ലാതാക്കുന്നതിനും പൊതുസമൂഹത്തിന്റെ മനോഭാവവും ശീലവും മറേണ്ടതുണ്ട്. ഇതിലേക്കായി വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് സമൂഹത്തിനെ ഫലപ്രദമായി സ്വാധീനിക്കാൻ കഴിയും ആയതിനാൽ വരുന്നഅധ്യയന വർഷത്തിൽ അധ്യായന ദിവസങ്ങൾ നഷ്ടപ്പെടാതെയും പഠന പ്രവർത്തനങ്ങളിൽ സംയോജിപ്പിച്ചും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം എന്നും, വിദ്യാലയങ്ങളെ ഗ്രീൻ ക്യാമ്പസ് ആക്കാനുള്ള ഇടപെടലുകൾ നടത്തുമെന്നും, വരുന്ന അധ്യയന വർഷത്തിൽ പാഠഭാഗങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ബഹു:പൊതു വിദ്യാഭ്യസ മന്ത്രി പറഞ്ഞു. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അവ പാഠ്യ പദ്ധതിക്കും മറ്റു ക്യാമ്പെയ്നുകൾക്കും ഭംഗം വരുത്താതെയാണ് എന്ന് ശ്രദ്ധക്കേണ്ടതുണ്ട് എന്നും കൂടി അദ്ദേഹം ഓർമപ്പെടുത്തി. അഡിഷണൽ ചീഫ് സെക്രട്ടറി മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടി അവതരിപ്പിച്ചു. വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിച്ച കർമ്മ പരിപാടി **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ 50 ലക്ഷത്തോളം വരുന്ന സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ഏകോപിപ്പിച്ച് കൊണ്ട് ജനകീയ ക്യാമ്പയിൻ നടത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അവതരിപ്പിച്ചു.

അവതരിപ്പിച്ച കർമ്മപരിപാടികളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

## <u>തീരുമാനങ്ങൾ (ഉന്നത വിദ്യാഭ്യാസ വകുപ്പ് )</u>

1. എല്ലാ ക്യാമ്പസുകളെയും "മാലിന്യ മുക്ത ക്യാമ്പസിൽ" തുടങ്ങി ഗ്രീൻ ക്യാമ്പസാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ് )**

2. ശുചിത്വ മാലിന്യ സംവിധാനങ്ങൾ നിർമിക്കുന്നതിന് LSG, SM ഫണ്ട് ലഭ്യത പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി: ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ )**

3. ശുചിത്വ മാലിന്യ പരിപാലനത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കോളേജിന് പുരസ്കാരം നൽകാൻ തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ )**

4. കോളേജ് ക്യാമ്പസുകൾ "ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള പഠന സന്ദർശന കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം. ഇതിന് ആവശ്യമായ നടപടി ഓരോ ക്യാമ്പസിലും സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ )**

5. മാലിന്യ മുക്തം നവകേരളം തീം സോങ് വ്യാപകമായി പ്രചരിപ്പിക്കാൻ എല്ലാ കോളേജ് ക്യാമ്പസുകളിലും ഫ്ലാഷ്മോബ് ടീമുകൾ രൂപീകരിക്കേണ്ടതാണ്

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

6. കേരളത്തിലെ 50 ലക്ഷം സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2,5,6 തീയതികളിൽ ശാസ്ത്രീയ മാലിന്യ പരിപാലന സന്ദേശം വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കാനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, KSWMP)**

7. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും കുറഞ്ഞത് 10 ദിവസത്തെ

ഇന്റേൺഷിപ്പ് അവസരം നൽകുന്നതിന് തീരുമാനിച്ചു. ഇതിനാവശ്യമായ പ്രവർത്തന പരിപാടി ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ശുചിത്വ മിഷൻ തയ്യാറാക്കണം.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ)**

**8.** പുതിയ പാഠ്യപദ്ധതി അനുശാസിക്കുന്ന തരത്തിൽ വിവിധ അക്കാദമിക് പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ മാലിന്യ സംസ്കരണ പ്രൊജെക്റ്റുകളിലും മിഷനുകളിലും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അവസരം നൽകുന്നതിന് തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, CKCL, കുടുംബശ്രീ )**

**9.** തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മിഷനുകളും , ഏജൻസികളും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി ഇന്റേൺഷിപ്പിനായി എംപാനൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ,കില,KSWMP, CKCL, കുടുംബശ്രീ)**

**10.** ഇന്റേൺഷിപ്പ് കാലയളവിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് തുടർ പഠനത്തിനും വൈദഗ്ധ്യ വികസനത്തിനും തൊഴിൽ ലഭ്യതക്കും ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, KSWMP, കില , CKCL)**

**11.** ഇന്റേൺഷിപ്പ് കാലയളവിൽ വിദ്യാർത്ഥികൾ ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ നോളഡ്ജ് ഫെസ്റ്റിവലുകൾ നടത്തുവാൻ തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ് , ശുചിത്വ മിഷൻ)**

**12.** തദ്ദേശ സ്വയംഭരണ വകുപ്പ് കിലയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റി പഠിക്കുന്നതിനും മനസിലാക്കുന്നതിനും തയ്യാറാക്കിയ **MOOC** സർട്ടിഫിക്കറ്റ് കോഴ്‌സിന്റെ ഭാഗമാകുവാൻ എല്ലാ കോളേജുകളിലെയും യൂണിവേഴ്‌സിറ്റി ക്യാമ്പസുകളിലേയും, വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ )**

**13.** നിലവിലെ ഓൺലൈൻ കോഴ്‌സിന് ആവശ്യമായ മാറ്റങ്ങൾ വരുത്തി യൂണിവേഴ്‌സിറ്റികൾ നൽകുന്ന ഗ്രേഡഡ് ഓൺലൈൻ കോഴ്‌സുകളുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, കില )**

**14.** പുതിയ പാഠ്യ പദ്ധതി അനിശാസിക്കുന്ന നിർബന്ധിത പ്രോജക്ടുകൾ മാലിന്യ സംസ്കരണ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ് )**

**15.** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ടെക്നോ ഇൻക്യൂബേറ്റർ പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും ഭാഗത്ത് നിന്നും സാങ്കേതിക സഹായവും മറ്റ് പിന്തുണയും നൽകി നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

**16.** മികച്ച പ്രൊജെക്ടുകൾ, സ്റ്റാർട്ടപ്പുകൾ , പുതിയ സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ, ഉത്പ്പന്നങ്ങൾ വികസിപ്പിക്കാൻ ആവശ്യമുള്ള വിദഗ്ധ മാർഗ്ഗ നിർദ്ദേശവും സാങ്കേതിക സഹായവും ലഭ്യമാക്കണം **KDISC** മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇന്നോവേഷൻ ഹബ്ബിലൂടെ സാമ്പത്തിക സഹായ സാധ്യതകൾക്കുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്,**

**ശുചിത്വ മിഷൻ,കില, CKCL, കുടുംബശ്രീ)**

**17.** ഇൻഡസ്ട്രി ഓൺ ടെക്നിക്കൽ പ്രവർത്തനങ്ങളുടെ ഭാഗമായി ശാസ്ത്രീയ ശുചിത്വ മാലിന്യ സംസ്കരണ മേഖല ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു ആയതിനായുള്ള ടെക്നിക്കൽ പിന്തുണ ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതാണ്.

**(നടപടി : ശുചിത്വ മിഷൻ)**

**18.** ക്യാമ്പസ് ഇൻഡസ്ട്രി പാർക്കിന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

**19.** തിരുവനന്തപുരം ഗവണ്മെന്റ് എൻജിനിയറിങ് കോളേജിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റിന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണ മേഖലയിലേക്കുള്ള ടെക്നിക്കൽ നോളഡ്ജ് ഹബ്ബായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

**20.** എല്ലാ സർവകലാശാലകളിലും വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ് )**

**21.** മികച്ച ഗവേഷണങ്ങൾക്ക് പ്രത്യേക അംഗീകാരം നൽകുന്നതിനും. മികച്ച ആശയങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും ഭാഗത്ത് നിന്നും ഏറ്റെടുക്കണമെന്നും തീരുമാനിച്ചു.

**(നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

**22.** സാമൂഹ്യ തലത്തിൽ ഇടപെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് **NAAC** അക്രിഡിറ്റേഷനിൽ പ്രാധാന്യം ലഭിക്കുന്നുണ്ട്. ആയതിന് ക്യാമ്പസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/പ്രദേശങ്ങളിലും ദത്തെടുത്ത് മാലിന്യ മുക്തമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകാൻ തീരുമാനിച്ചു. (ജൂലൈ 1 മുതൽ)

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)**

**23.** എല്ലാ കോളേജും ഒരു തദ്ദേശ സ്ഥാപനം ദത്തെടുത്തോ വ്യാപാര സമുച്ചയങ്ങൾ കേന്ദ്രീകരിച്ചോ സോഷ്യൽ മൊബിലൈസഷൻ, **IEC** പ്രവർത്തനങ്ങൾ നടത്തി ബഹുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങളെ പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .(ജൂൺ 1 മുതൽ)

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)**

**24.** ഓരോ കോളേജിന്റെയും നേതൃത്വത്തിൽ ഒരു സ്ഥലം അല്ലെങ്കിൽ/ സ്ഥാപനം ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ മാലിന്യ മുക്തമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഒക്ടോബർ 2ന് മുൻപ്)

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

**25.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിന് ഒരു എക്സ്റ്റേർണൽ ഏജൻസിയായി സന്നദ്ധമായ കോളേജ് / യൂണിവേഴ്സിറ്റികളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു (ആഗസ്റ്റ് 15 മുതൽ)

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)**

**26.** മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതിക സഹായത്തിനായി പ്രൊഫഷണൽ കോളേജുകൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് (എഞ്ചിനിയർ / പൊളി ടെക്നിക്ക്) ടെക്നിക്കൽ സപ്പോർട്ട് നൽകണം (വിദ്യാർത്ഥികളെ ആയതിനായി പ്രാപ്തമാക്കാൻ ജില്ലാ ശുചിത്വ മിഷന്റെ

ടെക്നിക്കൽ വിങ്ങിനെ ചുമതലപ്പെടുത്തി .

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

**27.** നാഷണൽ സർവീസ് സ്കീമിന്റെ അടുത്ത വർഷത്തെ പ്രധാന പ്രവർത്തന മേഖല മാലിന്യ മുക്തം നവകേരളം ആകുന്നതിന് വേണ്ടിയുള്ള നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, എൻ എസ് എസ് )**

**28.** സ്നേഹാരാമങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിന് എൻ എസ് എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്നേഹരാമങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, എൻ എസ് എസ്)**

**29.** മികച്ച സ്നേഹരാമങ്ങളെ ഹാപ്പിനെസ്സ് പാർക്കുകളാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ് .

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)**

**30.** മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ തീം സോങ്ങിന്റെ പ്രചരണാർത്ഥം എൻ എസ് എസ് പ്രവർത്തിക്കുന്ന ദത്ത് ഗ്രാമങ്ങളിൽ കുറഞ്ഞത് 2 ഇടങ്ങളിൽ എങ്കിലും ഫ്ളാഷ്മോബ് നടത്തുന്നതിനും തുടർന്ന് വരുന്ന എല്ലാ പരിപാടികളിലും ഫ്ലഷ്മോബ് ഒരു പ്രധാന പ്രവർത്തനമായി കൊണ്ട് വരുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, എൻ എസ് എസ്)**

**31.** എൻ എസ് എസിന്റെ ദത്തു ഗ്രാമങ്ങളെ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുക.

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, എൻ എസ് എസ്)**

**32.** ഉന്നത വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണം വകുപ്പ് സംയുക്തമായി ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നോളഡ്ജ് ഫെസ്റ്റിവൽ നടത്താൻ തീരുമാനിച്ചു

**(നടപടി : ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് )**

## തീരുമാനങ്ങൾ (പൊതു വിദ്യാഭ്യാസ വകുപ്പ്)

1. പി.ടി.എ-യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മാലിന്യമുക്ത പ്രവർത്തനങ്ങൾക്കായി അടിയന്തിര നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ)**

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലിനജല സംസ്കരണം, അജൈവ മാലിന്യം തരംതിരിച്ച് സംഭരിക്കാനുള്ള സംവിധാനം, ജൈവമാലിന്യ സംസ്കരണ സംവിധാനം എന്നിവ മികച്ച നിലവാരത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ പ്രൊജക്റ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും, തദ്ദേശസ്വയംഭരണ സ്ഥാപനം ശുചിത്വ മിഷൻ, പി.ടി.എ എന്നിവരുടെ പങ്കാളിത്തതോടെ പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ)**

3. പ്രവേശനോത്സവം ഹരിതചട്ടം പാലിച്ച് നടത്തുവാനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ് )**

4. എല്ലാ ആഴ്ചകളിലും സ്കൂൾ അസംബ്ലിയിൽ ശുചിത്വ മാലിന്യ പരിപാലനത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദീകരിച്ച് നല്കുകയും ശുചിത്വ പ്രതിജ്ഞ ചൊല്ലുന്നതിനും നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ് )**

5. മാലിന്യ പരിപാലനുവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ, കുട്ടികൾ പാലിക്കണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച് ആകർഷകമായ ചുമർ ചിത്രം, ക്ലാസ് മുറികളുടെയും സ്കൂളിന്റേയും ഭിത്തികളിൽ ആലേഖനം ചെയ്യുക

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പ് ,ശുചിത്വ മിഷൻ )**

**6.**സ്കൂൾ തലത്തിൽ ശുചിത്വ ക്ലബ് രൂപികരിക്കുന്നതിനും ഈ മേഖലയിൽ താൽപ്പര്യമുള്ള ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ സ്കൂൾ തലത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുക. ഇതിനാവശ്യമായ സങ്കേതിക സഹായം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ )**

**7.** പ്രവർത്തിപരിചയ മേള, ശാസ്ത്രമേള, കലോത്സവങ്ങൾ തുടങ്ങിയ കുട്ടികളുടെ എല്ലാ പരിപാടികളുടേയും ഉള്ളടക്കത്തിൽ ശുചിത്വ മാലിന്യ സംസ്കരണ ഒരു വിഷയമായി ഉൾപ്പെടുത്തണം. ശാസ്ത്ര പ്രവർത്തിപരിചയ മേളകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രത്യേക സ്റ്റാളുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുക.

**( നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വമിഷൻ)**

**8.** സ്കൂൾ തലം, ഉപജില്ലാ തലം, വിദ്യാഭ്യാസ ജില്ലാ തലം സംസ്ഥാന തലത്തിലും നടക്കുന്ന മേളകൾ മറ്റു പരിപാടികൾ എന്നിവ ഹരിതചട്ടം പാലിച്ച് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.ഇതിനാവശ്യമായ സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകണം

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വമിഷൻ)**

**9.** ജൂൺ 5 പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് മാലിന്യ മുക്ത സ്കൂൾ ക്യാമ്പസ്സാക്കുന്നതിനുള്ള പരിപാടികൾ നടത്തുന്നതിനെ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുക.

**( നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്)**

**10.** “എന്റെ വിദ്യാലയം ഹരിത വിദ്യാലയം” ക്യാമ്പയിൻ തുടക്കംകുറിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്)**

**11.** സ്കൂൾ തല ഗ്രേഡിംഗ്-സ്കൂളിലെ ശുചിത്വം, മാലിന്യ സംസ്കരണ

സംവിധാനങ്ങൾ എന്നിവ കുട്ടികൾ വിലയിരുത്തി ഒക്ടോബർ മാസം സ്കൂളിനെ ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് )**

**12.** ശുചിത്വ പഠന സംഗമം - എൽ.പി, യു.പി വിഭാഗങ്ങൾക്ക് ഉപജില്ലാതലത്തിലും **HSS/HS** വിഭാഗങ്ങൾക്കായി വിദ്യാഭ്യാസ ജില്ലാ തലത്തിലും ശുചിത്വ പഠന സംഗമം സംഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുക.(മികച്ച മാലിന്യ പരിപാലന സംവിധാനമുള്ള സ്കൂളിൽ വച്ച് )

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്)**

**13.** ഏകദേശം **50** ലക്ഷം സ്കൂൾ-കോളേജ് വിദ്യാർഥി ശുചിത്വ അബാസിഡറുമാരുടെ നേതൃത്വത്തിൽ ഒക്ടോബർ 2ന് മുഴുവൻ വീടുകളിലും **5,6** തീയ്യതികളിൽ മുഴുവൻ സ്ഥാപനങ്ങളിലും മാലിന്യ പരിപാലന സന്ദേശവുമായുള്ള സന്ദർശന ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചു. ഇതിനുള്ള വിശദമായ ക്യാമ്പയിൻ പരിപാടി തയ്യാറാക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്,തദ്ദേശ സ്വയംഭരണ വകുപ്പ്,ശുചിത്വ മിഷൻ ,ക്യാമ്പയിൻ സെക്രട്ടറിയേറ്റ് )**

**14.** കുട്ടികളുടെ നേതൃത്വത്തിൽ **LSG**കളെ ഓഡിറ്റിങ് ചെയ്യൽ- ഓഡിറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചതായി **LSG** കൾ കുട്ടികളെ ബോധ്യപ്പെടുത്താനുള്ള നടപടികൾ, നവംബർ **14** ശിശു ദിനത്തിൽ "കുട്ടികളുടെ ഹരിതസഭ" നടത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുക

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് )**

**15.** ബ്ലോക്ക് തലത്തിൽ **GP** കളെയും ജില്ലാതലത്തിൽ **ULB** കളെയും ഉൾപ്പെടുത്തി കുട്ടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് ,ശുചിത്വ മിഷൻ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ്)**

**16.** ഉപജില്ലാ അടിസ്ഥാനത്തിൽ മികച്ച ശുചിത്വ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള സ്കൂളുകൾക്ക് ഗ്രീൻ റോളിങ് ട്രോഫി,മൂന്ന് വർഷം തുടർച്ചയായി ലഭിച്ചാൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രീൻ അച്ചീവ്മെന്റ് അവാർഡും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ)**

**17.** ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കുട്ടികൾക്ക് പഠന പ്രവർത്തനത്തിന്റെ ഭാഗമായി നൽകാൻ നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ )**

**18.** കേരളത്തിലെ ഖര മാലിന്യ സംസ്കരണ സംവിധാനങ്ങളെ പഠിക്കാനായി കിലയുടെ സർട്ടിഫിക്കറ്റോടു കൂടിയ സൌജന്യ ഓൺലൈൻ കോഴ്സിലേക്ക് **9,10,11,12** ക്ലാസ്സിലെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, കില,ശുചിത്വ മിഷൻ)**

**19.** ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് സവിശേഷ പ്രവർത്തനങ്ങൾ നടത്തുന്ന കുട്ടികളെ പങ്കെടുപ്പിച്ച് മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക ശില്പശാല ശുചിത്വ മിഷന്റെ സഹായത്തോടെ നടത്താനുള്ള നടപടികൾ സ്വീകരിക്കുക.

**(നടപടി: പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് , ശുചിത്വ മിഷൻ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ്)**

**20.** പുതിയ സിലബസ് പരിഷ്കരണത്തിനുശേഷം ശുചിത്വ- മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനെ കൂടുതൽ വിപുലപ്പെടുത്തുന്നതിന് പ്രവർത്തി പരിചയം തുടങ്ങിയ പ്രത്യേക നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ ആഴ്ചയിൽ ഒരു ക്ലാസ് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നേരിട്ട്

നിരീക്ഷിക്കുവാനും പഠിക്കാനും മനസ്സിലാക്കാനും കഴിയുന്ന തരത്തിൽ അര മണിക്കൂർ സമയം നീക്കി വയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്)**

**21.** സ്കൂൾ തല പഠനയാത്രകൾ ആസൂത്രണം ചെയ്യുമ്പോൾ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സന്ദർശിക്കുന്നത് പരിഗണിക്കാവുന്നതാണ്. (ജൈവ മാലിന്യം, അജൈവ മാലിന്യം, ദ്രവ മാലിന്യം, സെപ്റ്റേജ് മാലിന്യ സംസ്കരണ പരിപാലന കേന്ദ്രത്തിലേക്ക്)

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്)**

**21. VICTORS** ചാനലിൽ ശുചിത്വ-മാലിന്യ സംസ്കരണ ആശയ പ്രചാരണത്തിനായി പ്രത്യേക ട്യൂട്ടോറിയൽ വീഡിയോകൾ പ്രദർശിപ്പിക്കുവാനും ലളിതമായ പ്രൊജക്റ്റ് വർക്കുകൾ കുട്ടികൾക്ക് നല്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്,ശുചിത്വ മിഷൻ )**

**22.** മികച്ച ശുചിത്വ- മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള വിദ്യാലയങ്ങൾക്ക് വിദ്യാഭ്യാസ ജില്ലാ തലത്തിലും തുടർന്ന് സംസ്ഥാന-ജില്ലാ തലങ്ങളിൽ ക്യാഷ് പ്രൈസ് അടക്കമുള്ള പുരസ്കാരങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ )**

**23.** വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി അധ്യാപക സംഘടന നേതാക്കളുടെ യോഗം, എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ അംഗങ്ങളുടെ യോഗം എന്നിവ വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് )**

**24.** സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് റൂമുകളിൽ പ്രവർത്തിപരിചയ വിഷയത്തിന്റെ ഭാഗമായി ശുചിത്വ -മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട്

ആശയം വിനിമയം ചെയ്യാനായി ശുചിത്വ മിഷന്റെ സഹായത്തോടെ ഡിജിറ്റൽ മെറ്റീരിയലുകൾ തയ്യാറാക്കുവാനും പ്രദർശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ)**

**25.** മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന പരിപാടികളുടെ ഔദ്യോഗികമായ ഉദ്ഘാടനം സംസ്ഥാനതലം, വിദ്യാഭ്യാസ ജില്ലാതലം,നിയോജക മണ്ഡല തലത്തിൽ നടത്തുവാനുള്ള നിർദ്ദേശം നൽകുക.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ )**

**27.** വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധം, ശുചിത്വം തുടങ്ങിയ പരിപാടികൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സംയോജിത സമയക്രമം (അനുബന്ധം 3) പാലിച്ചുകൊണ്ട് വേണം നടപ്പിലാക്കാൻ എന്ന് തീരുമാനിച്ചു.

**(നടപടി: പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് )**

യോഗം 12 മണിക്ക് അവസാനിച്ചു.

**M B RAJESH**

**MINISTER**

## അനുബന്ധം -1

# കർമ്മപരിപാടി (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

## 1. പഠനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ

### ഇന്റേൺഷിപ്പ്

- വിദ്യാർത്ഥികൾക്ക് അധിക നൈപുണ്യം നൽകുന്നതിന് ആവിഷ്കരിച്ച ഇന്റേൺഷിപ്പ്.
- പുതിയ പാഠ്യപദ്ധതി അനുശാസിക്കുന്ന തരത്തിൽ വിവിധ അക്കാദമിക് പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ മാലിന്യ സംസ്കരണ പ്രൊജെക്റ്റുകളിലും മിഷനുകളിലും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അവസരം.

- പഠനത്തോടൊപ്പവും പഠനശേഷവും എന്നിങ്ങനെ രണ്ട് തരത്തിലുള്ള ഇന്റേഷിപ്പ് തിരഞ്ഞെടുക്കാം.
- വിദ്യാർത്ഥികൾക്ക് കരിക്കുലത്തിന്റെ ഭാഗമായി പഠനകാലത്ത് തന്നെ ഹ്രസ്വകാല ഇന്റേൺഷിപ്പിന് അപേക്ഷിക്കാം.
- ഇന്റേൺഷിപ്പ് കാലയളവിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് തുടർ പഠനത്തിനും തൊഴിൽ ലഭ്യതക്ക് സഹായകരമാവും.
- തിരഞ്ഞെടുക്കുന്ന ഇന്റേൺസിന് ഇന്റേൺഷിപ്പ് കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ സംസ്ഥാന/ ജില്ലാ തലങ്ങളിൽ അവസരം ഒരുക്കുന്നതാണ്.

### MOOC കോഴ്സ്

- തദ്ദേശ സ്വയംഭരണ വകുപ്പ് കിലയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റി പഠിക്കുന്നതിനും മനസിലാക്കുന്നതിനും സർട്ടിഫിക്കറ്റ് ഓൺലൈൻ കോഴ്സ് ആരംഭിച്ചിട്ടുണ്ട്.
- വിദ്യാർത്ഥികൾക്ക് ഇന്ന് കേരളത്തിൽ പിന്തുടർന്ന് വരുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണത്തെ പറ്റി പഠിക്കുവാനും ഈ ഓൺലൈൻ കോഴ്സിലൂടെ സഹായകരമാകും.
- സാമൂഹിക തലത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ ഇടപെടുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റിന് തദ്ദേശ സ്ഥാപന

തലങ്ങളിലെ പ്രവർത്തനങ്ങൾക്കും തുടർ പഠനം / തൊഴിൽ പരിശീലനത്തിനും സഹായകരമാകും.

**ഓൺലൈൻ ക്രെഡിറ്റ് കോഴ്സ്**

- നിലവിലെ ഓൺലൈൻ കോഴ്സിന് ആവശ്യമായ മാറ്റങ്ങൾ വരുത്തി യൂണിവേഴ്സിറ്റികൾ നൽകുന്ന ഗ്രേഡഡ് ഓൺലൈൻ കോഴ്സുകളുടെ ഭാഗമാക്കുന്നതിനും തീരുമാനിച്ചു.
- കില , ശുചിത്വ മിഷൻ എന്നിവർ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് മൊഡ്യൂൾ തയ്യാറാക്കി നൽകേണ്ടതാണ്.

**പ്രൊജെക്ടുകൾ**

- പുതിയ പാഠ്യ പദ്ധതി അനുശാസിക്കുന്ന നിർബന്ധിത പ്രോജക്ടുകൾ മാലിന്യ സംസ്കരണ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ.
- മികച്ച പ്രൊജെക്ടുകൾ, സ്റ്റാർട്ടപ്പുകൾ , പുതിയ സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ, ഉത്പ്പന്നങ്ങൾ വികസിപ്പിക്കാൻ ആവശ്യമുള്ള വിദഗ്ധ മാർഗ്ഗ നിർദ്ദേശവും **KDISC** മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇന്നോവേഷൻ ഹബ്ബിലൂടെ സാമ്പത്തിക സാധ്യതകളും പരിശോധിക്കും.

**ഗവേഷണം**

- എല്ലാ സർവകലാശാലകളെയും കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള അവസരം.
- മികച്ച ഗവേഷണങ്ങൾക്ക് പ്രത്യേക അംഗീകാരം
- മികച്ച ആശയങ്ങൾ ശുചിത്വ മിഷന്റെ ഭാഗമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം.

**2. വിദ്യാഭ്യാസ സ്ഥാപന തലത്തിലെ പ്രവർത്തനങ്ങൾ**

- **NAAC** ഭാഗമായ ഗ്രീൻ ക്യാമ്പസ് ആശയം നടപ്പിലാക്കുന്നതിനും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനായുമുള്ള പ്രവർത്തനങ്ങൾ

- ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ക്യാമ്പസുകൾക്ക് പ്രത്യേക അവാർഡ്
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാർത്ഥികൾ സ്വയം വിലയിരുത്തുന്ന തരത്തിലെ പ്രവർത്തനം.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനത്തിലെ ഹരിതകർമ്മസേനയുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം ഒരുക്കാം
- കോളേജ് ക്യാമ്പസുകളെ മാലിന്യ സംസ്കരണ പഠന കേന്ദ്രങ്ങളാക്കി മാറ്റുന്ന തരത്തിൽ എല്ലാ കോളേജുകളിലും സമഗ്രമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള ക്യാമ്പസുകളാക്കി മാറ്റാൻ കഴിയണം.
- എല്ലാ ക്യാമ്പസുകളും ശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റെ ആശയ പ്രചാരണ കേന്ദ്രങ്ങളായി മാറണം
- വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് കൊണ്ട് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിൽ കാൽനട യാത്ര , സൈക്കിൾ റാലി, ഫ്ലാഷ്മോബ്, തെരുവ് നാടകം എന്നിവ തദ്ദേശ സ്ഥാപന തലത്തിൽ നടത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**3. സാമൂഹിക തലത്തിൽ പ്രവർത്തനങ്ങൾ**

- സാമൂഹ്യ തലത്തിൽ ഇടപെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് NAAC അക്രിഡിറ്റേഷനിൽ പ്രധാന ഭാഗം വഹിക്കുന്നുണ്ട് ആയതിന് ക്യാമ്പസുകൾ വില്ലേജുകൾ ദത്തെടുക്കുന്ന പ്രവർത്തനങ്ങൾ നടത്താം
- ദത്തെടുത്ത വില്ലേജുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിന് ഒരു എക്സ്റ്റേർണൽ ഏജൻസികളായി ഓരോ ക്യാമ്പസുകൾക്കും പ്രവർത്തിക്കാൻ സാധിക്കും.
- എൻ എസ് എസിന്റെ ദത്തു ഗ്രാമങ്ങളെ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.
- സ്നേഹാരാമങ്ങളെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുകയും മാലിന്യ മുക്തം നവകേരളം ഐ ഇ സി പോയിന്റുകളാക്കി ഓരോ സ്നേഹാരാമത്തിനെയും മാറ്റുന്ന പ്രവർത്തനങ്ങൾ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തന മികവ് വർധിപ്പിക്കുവാൻ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും

സാധ്യമാകുന്ന തരത്തിൽ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ അടുത്തറിയുന്നതിനും ആയതിലൂടെ വിദ്യാർത്ഥികളുടെ സാമൂഹിക , പ്രൊഫഷണൽ കരിയർ ഡെവലപ്മെന്റിനു സഹായിക്കും.

**4. ഗ്രീൻ നോളഡ്ജ് ഫെസ്റ്റിവൽ**

- കേരളീയത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ഗ്രീൻ നോളഡ്ജ് ഫെസ്റ്റിവൽ നടത്താവുന്നതാണ്
- 2024-25 അധ്യായന വർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച വിദ്യാഭാസ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരം
- വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ , ഇന്റേൺഷിപ്പ് പ്രവർത്തനങ്ങൾ എന്നിവ കോർത്തിണക്കികൊണ്ട് എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്
- പഠന സംബന്ധമായി നടത്തിയ ഗവേഷണങ്ങൾ , കണ്ടുപിടിച്ച സാങ്കേതിക വിദ്യ , ഉപകരണങ്ങൾ, ഉത്പന്നങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനുള്ള അവസരം
- മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്നിവ കോർത്തിണക്കി ഒരു മെഗാ ഇവന്റ് മാതൃകയിൽ - ഉന്നത വിദ്യാഭ്യസ വകുപ്പുമായി ചേർന്ന് വിപുലമായ പരിപാടിയാണ് ഉദ്ദേശിക്കുന്നത്.

**അനുബന്ധം:2**

## <u>കർമ്മപരിപാടി (പൊതു വിദ്യാഭ്യാസ വകുപ്പ്)</u>

**1. മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കൽ:** പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്ന് ജൂൺ 3 നു മുമ്പായി ഉറപ്പാക്കണം. സ്ഥിരം സംവിധാനങ്ങളില്ലാത്ത വിദ്യാലയങ്ങളിൽ താത്കാലിക സംവിധാനം ഉറപ്പാക്കണം. എന്നാൽ സ്ഥിരം സംവിധാനങ്ങളുടെ നിർമ്മാണം, ആധുനികവത്കരണം, എന്നീ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും

മികച്ച ഖര-ദ്രവ മാലിന്യ സംസ്കരണ സ്ഥിരം സംവിധാനങ്ങൾ വരുന്ന 3 മാസത്തിനുള്ളിൽ ഉറപ്പാക്കണം.

- ജൈവ മാലിന്യ സംസ്കരണം: ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനായി കമ്പോസ്റ്റിംഗ് സംവിധാനങ്ങളായ പൈപ്പ് കമ്പോസ്റ്റിംഗ് , റിംഗ് കമ്പോസ്റ്റിംഗ്, ബയോ ബിൻ, മേൽകൂരയുള്ള കുഴി കമ്പോസ്റ്റിംഗ് , തുമ്പൂർമുഴി, ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങൾ സ്കൂളിലുണ്ടെന്ന് ഉറപ്പുവരുത്തുക.
- അജൈവ മാലിന്യങ്ങൾ -പ്ലാസ്റ്റിക്, പേപ്പർ, കുപ്പി തുടങ്ങിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനായി ക്ലാസ് റൂമുകളിലും പരിസരത്തും കളർ കോഡുള്ള ബിന്നുകൾ, മിനി എം.സി.എഫ് സ്ഥാപിക്കുക. അതാത് മാസം ഹരിതകർമസേനയ്ക്ക് കൈമാറുന്നതിനുള്ള സംവിധാനം ഒരുക്കുക.
- ദ്രവ മാലിന്യ സംസ്കരണം: മലിനജലം പൊതുസ്ഥലത്ത് ഒഴുക്കി വിടാതെ സംസ്കരിക്കുന്നതിന് സോക്ക് പിറ്റുകൾ,ടോയിലേറ്റ് ലിങ്കിഡ് ബയോ ഗ്യാസ് പ്ലാന്റ് തുടങ്ങിയവ ഏതെങ്കിലും സ്ഥാപിക്കേണ്ടതാണ്.. ഇതിനായി തദ്ദേശ സ്ഥാപനവുമായി ചേർന്ന് പദ്ധതി രൂപിക്കേണ്ടതാണ്.
- ശുചിമുറികൾ: സ്കൂളുകളിൽ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമുള്ള വൃത്തിയുള്ള ശുചിമുറി സൌകര്യം ഉറപ്പാക്കുക.
- ഈ-വേസ്റ്റ്, ഉപയോഗശൂന്യമായ ഫർണിച്ചറുകൾ തുടങ്ങിയവ ഓഫീസ് നടപടിക്രമം പാലിച്ച് സമയബന്ധിതമായി നീക്കം ചെയ്യുക. പുനരുപയോഗ സാധ്യതയുള്ള ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ തുടങ്ങിയവ റിപ്പയർ ചെയ്ത് ഉപയോഗിക്കാവുന്നതാണ് (സമീപത്തുള്ള ഐ.ടി.ഐ, പോളി ടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ് )
- കുടിവെള്ളം: സ്കൂളുകളിലെ കുടിവെള്ളം ശേഖരിക്കുന്ന ടാങ്കുകൾ വൃത്തിയാക്കുക, കിണറിലെ കുടിവെള്ളം ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യേണ്ടതാണ്.

**2. ജൂൺ-3 പ്രവേശനോത്സവം ഹരിത ചട്ടം പാലിച്ച്:**

- ജൂൺ 3 പ്രവേശനോത്സവം ഹരിതചട്ടം പാലിച്ച് നടത്തുക. മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ച വസ്തുക്കൾ, ഒറ്റത്തവണ

ഉപയോഗിക്കുന്ന പേപ്പർ പ്ലേറ്റ്, പേപ്പർ ഗ്ലാസ്സ് ,പ്ലാസ്റ്റിക് ക്യാരി ബാഗ്, തെർമ്മോക്കോൾ, അലങ്കാര വസ്തുക്കൾ തുടങ്ങിയവ യാതൊരു കാരണവശാലും ഉപയോഗിക്കരുത്. പകരം സ്കൂളിൽ ആവശ്യത്തിനനുസരിച്ചുള്ള സ്റ്റീൽ കുപ്പികൾ, സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസുകൾ, തുണി സഞ്ചികൾ, പരിസ്ഥിതിക്ക് ദോഷം വരാത്ത് അലങ്കാര വസ്തുക്കൾ തുടങ്ങിയവ ഉപയോഗിക്കേണ്ടതാണ്. നിരോധിത പി. വി,സി ഫ്ളക്സ് ബാനറുകൾ ബോർഡുകൾ എന്നിവ പൂർണമായും ഒഴിവാക്കേണ്ടതാണ് . പകരം പോളി എത്തിലിൻ, കോട്ടൺ തുണി, തുടങ്ങിയവ ഉപയോഗിക്കുക.

- ഇതിൽ **"ശുചിത്വ-സാക്ഷരത"** ഒരു പ്രധാന തീം ആയി കൊണ്ടു വരികയും പ്രവേശനോത്സവ ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ശുചിത്വ ശീലങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ പ്രധാന്യം എന്നിവ മനസ്സിലാക്കാനുള്ള ആകർഷണീയമായ വിവര വിജ്ഞാന പരിപാടികൾ സംഘടിപ്പിക്കുക.
- മാലിന്യ പരിപാലന മാർഗ്ഗരേഖ ക്ലാസ്സുകളിൽ ആദ്യ നിർദ്ദേശമായി ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. സ്കൂൾ പ്രവേശന ദിവസം മാലിന്യപരിപാലനത്തിൽ കുട്ടികൾ ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതുമായ കാര്യങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ടീച്ചർമ്മാരുടെ നേതൃത്വത്തിൽ ആവശ്യമായ നിർദ്ദേശം നൽകുക. ഇതിലെ പ്രധാന വിവരങ്ങൾ ക്ലാസ് മുറിയുടെ ചുമരുകളിലും സ്കൂളിന്റെ പാലഭാഗങ്ങളിലും ആകർഷകമായ രീതിയിൽ എഴുതി പ്രദർശിപ്പിക്കുക. എല്ലാ ക്ലാസ് മുറികളിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ ആകർഷകമായ സ്ഥിരം ചുമർപത്രമായി പ്രദർശിപ്പിക്കുക. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- പ്രവേശനോത്സവ ദിനത്തിൽ ഹരിതകർമ്മ സേനയെ ക്ഷണിക്കുകയും മാലിന്യ മുക്തം നവകേരളം തീം സോങിനൊപ്പം ഹരിതകർമസേനയും കുട്ടികളും ചേർന്ന് ഫ്ലാഷ് മോബ് സംഘടിപ്പിക്കുക.

**3. ശുചിത്വ ക്ലബ് രൂപീകരണം:** എല്ലാ സ്കൂളുകളിലും ജൂൺ മാസത്തിൽ ശുചിത്വ ക്ലബ് രൂപീകരിക്കുക. ഇതിന്റെ നേതൃത്വത്തിൽ ശുചിത്വവും മാലിന്യ സംസ്കരണവും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്ന പ്രവർത്തനവും സംഘടിപ്പിക്കണം. സ്കൂളിനെ ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന്റെ

ഉത്തരവാദിത്വം, സ്കൂൾ ശുചിത്വ ഓഡിറ്റിംഗ്, സ്കൂൾ തല സ്വാപ് ഷോപ്പ് സംഘടിപ്പിക്കൽ, തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ ശുചിത്വാവസ്ഥ ഓഡിറ്റിംഗ് തുടങ്ങിയവ ശുചിത്വ ക്ലബിന്റെ പ്രവർത്തനമാക്കി മാറ്റാവുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി ക്ലാസ് റൂം തല പ്രതിജ്ഞ ശുചിത്വ ക്ലബിലെ അംഗങ്ങൾ ഓരോ ക്ലാസ്സിലും ചൊല്ലി കൊടുക്കുന്ന തരത്തിൽ പ്ലാൻ ചെയ്യുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. "മാലിന്യം സ്കൂളിലും പൊതുയിടങ്ങളിലും വലിച്ചെറിയില്ല, മാലിന്യം പൊതുയിടങ്ങളിൽ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അധികൃതർക്ക് റിപ്പോർട്ട് ചെയ്യും, വീട്ടിലെ മാലിന്യം തരംതിരിച്ച് അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ സേനയ്ക്ക് യൂസർ ഫീ നൽകി കൈമാറും, ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കും, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല" - എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്ന വളരെ ലളിതവും ഹ്രസ്വവുമായ പ്രതിജ്ഞ.

4. ഈ വർഷത്തെ **പ്രവർത്തിപരിചയ മേള, ശാസ്ത്രമേള, സ്കൂൾ കലോത്സവങ്ങൾ** തുടങ്ങിയവയുടെ ഉള്ളടക്കങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണ വിഷയത്തിൽ കൂടുതൽ പ്രാധാന്യം നല്കുക. ശാസ്ത്ര പ്രവർത്തിപരിചയ മേളകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രത്യേക സ്റ്റാളുകൾ ഉൾപ്പെടുത്തുക

**5. ജൂൺ 5 -പരിസ്ഥിതി ദിനം:**

- സ്കൂൾ അസംബ്ലിയിൽ മാലിന്യ സംസ്കരണത്തെ കുറിച്ച് സംസാരിക്കാൻ ഹരിതകർമ സേനയെ ക്ഷണിക്കുകയും, അവർക്ക് സ്കൂൾ വക ആദരവ് നല്കുന്ന പരിപാടികൾ നടത്തുക. മാലിന്യ മുക്തം നവകേരളം തീം സോങിനൊപ്പം ഹരിതകർമസേനയും കുട്ടികളും ചേർന്ന് ഫ്ലാഷ് മോബ് സംഘടിപ്പിക്കുക. ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് രചനാ, പ്രസംഗ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.
- സ്കൂൾ അസംബ്ലിയിൽ ശുചിത്വ പ്രതിജ്ഞ ചൊല്ലുക "മാലിന്യം സ്കൂളിലും പൊതുയിടങ്ങളിലും വലിച്ചെറിയില്ല, മാലിന്യം പൊതുയിടങ്ങളിൽ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അധികൃതർക്ക് റിപ്പോർട്ട് ചെയ്യും, വീട്ടിലെ മാലിന്യം തരംതിരിച്ച് അജൈവ പാഴ് വസ്തുക്കൾ ഹരിതകർമ സേനയ്ക്ക് യൂസർ ഫീ നൽകി കൈമാറും, ജൈവ മാലിന്യം ഉറവിടത്തിൽ

സംസ്കരിക്കും, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല" - എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്ന വളരെ ലളിതവും ഹ്രസ്വവുമായ പ്രതിജ്ഞ.

- ജൂൺ, ജൂലൈ മാസങ്ങളിലായി വിവിധ ശുചിത്വ സാക്ഷരത പ്രവർത്തനങ്ങൾ ക്ലാസ് റൂം തലത്തിലും സ്കൂൾ തലത്തിലും കുട്ടികൾക്കായി നടത്തുക.
- വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വീടുകളിലെ അജൈവ മാലിന്യം ഹരിതകർമ്മസേനക്ക് കൈമാറുന്നു എന്ന് ഉറപ്പു വരുത്തണം. ഇതിനായി വിദ്യാർത്ഥികളോട് "അവരുടെ വീട്ടിലെ ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നു,അജൈവ മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറുന്നു, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല" എന്നുള്ള രക്ഷിതാക്കളുടെ സാക്ഷ്യപത്രം കൊണ്ടുവരാൻ ആവശ്യപ്പെടുക. ക്ലാസ്സ് റൂമിൽ വച്ച് ചുമതലയുള്ള അധ്യാപകരുമായി ചേർന്ന് സെൽഫി എടുക്കുക.
- സ്കൂളിലെ എല്ലാ കുട്ടികളുടേയും അദ്ധ്യാപകരുടേയും വീടുകളിൽ നിന്നും അജൈവ പാഴ് വസ്തു ഹരിതകർമ സേനയ്ക്ക് നല്കുന്നതായി ഉറപ്പാക്കിയും സ്കൂളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിച്ചും വിദ്യാഭ്യാസ സ്ഥാപന തലത്തിൽ **"എന്റെ വിദ്യാലയം മാലിന്യ മുക്തം"**പ്രഖ്യാപനം നടത്തുകയും **"എന്റെ വിദ്യാലയം ഹരിത വിദ്യാലയം"** ക്യാമ്പയിൻ തുടക്കംകുറിക്കുകയും ചെയ്യുക.

**6. സ്കൂൾ തല ഗ്രേഡിംഗ്:** ശുചിത്വ ക്ലബിന്റെ നേതൃത്വത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സ്കൂളുകളിലെ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ജൈവ മാലിന്യം, അജൈവ മാലിന്യം, ദ്രവ മാലിന്യം , ശുചിമുറിയുടെ വൃത്തി , ഗ്രീൻ പ്രോട്ടോക്കോൾ പാലനം) വിദ്യാർഥികൾ നിരീക്ഷിച്ച് സ്കൂളിനെ ഗ്രേഡ് ചെയ്ത് കുറവുകൾ കണ്ടെത്തി അവതരണം നടത്താനുള്ള അവസരം ഒരുക്കുക. ഓരോ ക്ലാസ്സ്റൂമിനും ശുചിത്വ ഗ്രേഡിങ് നടത്തി പദവികൾ നൽകുക. ക്ലാസ്സ്റൂമിന് അകത്തും പുറത്തും മാലിന്യം വേർതിരിച്ചു നിക്ഷേപിക്കാനുള്ള ബിന്നുകൾ, ക്ലാസ്സിന്റെ പുറത്തും വേസ്റ്റ് ഇല്ലാതിരിക്കൽ, ക്ലാസ്സ് മുറിയിൽ IEC ബോർഡുകൾ, ക്ലാസ്സിലെ കുട്ടികൾ മുഴുവൻ സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ കുപ്പികൾ തുടങ്ങിയ ഉറപ്പുവരുത്തിയാൽ ക്ലാസ്സ് റൂമുകൾക്ക് പ്രത്യേക ഗ്രേഡിങ് നൽകി ക്ലാസ്സ് റൂമിന്റെ മുന്നിൽ പ്രദർശിപ്പിക്കുകയും അസംബ്ലിയിൽ അഭിനന്ദനം നൽകാവുന്നതുമാണ്.

കുട്ടികളുടെ നേതൃത്വത്തിൽ സ്കൂളിന്റെ ശുചിത്വ ഗ്രേഡിംഗ് നടത്തിയതിനു ശേഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പരിശോധന നടത്തി സ്കൂളിന് പുരസ്കാരവും സർട്ടിഫിക്കറ്റും നൽകുക.ഇതിന് ആവശ്യമായ സാങ്കേതിക മാർഗ്ഗ നിർദ്ദേശം ശുചിത്വ മിഷൻ നൽകണം.

**7. "മാലിന്യ മുക്ത വിദ്യാലയം"- ശുചിത്വ പഠന സംഗമം:** മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെച്ച നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ട്. അതിൽ നിന്നും തിരഞ്ഞെടുത്ത മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മറ്റ് വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സന്ദർശനം നടത്താനുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക . എൽ.പി, യു.പി വിഭാഗങ്ങൾക്കായി എല്ലാ ഉപജില്ലാ വിദ്യാഭാസ തലത്തിലും HSS/HS വിഭാഗങ്ങൾക്കായി എല്ലാ വിദ്യാഭാസജില്ല തലത്തിലും കുറഞ്ഞത് 2 സ്കൂളുകൾ വീതം തിരഞ്ഞെടുക്കാൻ കഴിയും. ഈ സ്കൂളുകൾ കേന്ദ്രികരിച്ച് "ശുചിത്വ പഠന സംഗമം" ജൂൺ ,ജൂലായ് മാസത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

**8. സ്കൂൾ- കോളേജ് വിദ്യാർത്ഥികളുടെ ജനകീയ ക്യാമ്പയിൻ (ഒക്ടോബർ-2 ന് ആരംഭിക്കുന്നു)** ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ഏറ്റവും പ്രധാനം മനോഭാവവും ശീലവുമാണ്. മാലിന്യം വലിച്ചെറിയാതിരിക്കുക, ഉറവിടത്തിൽ തരംതിരിക്കുക, നിരോധിത വസ്തുക്കൾ ഒഴിവാക്കുക, മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക തുടങ്ങിയവയെല്ലാം മനോഭാവത്തെയും ശീലത്തേയും ആശ്രയിച്ചിരിക്കും. ഇത് സംബന്ധിച്ച് സമൂഹത്തിലെ ഓരോ വ്യക്തിയിലേക്കും സന്ദേശം എത്തിക്കാനും മനോഭാവത്തിലും ശീലത്തിലും കുട്ടികൾക്ക് മാറ്റം വരുത്താനുള്ള സ്വാധീനം ചെലുത്താൻ കഴിയും. ഇതിന്റെ ഭാഗമായി കേരളത്തിലെ ഏകദേശം 50 ലക്ഷം സ്കൂൾ-കോളേജ് വിദ്യാർഥികൾ മുഴുവൻ സ്ഥാപനങ്ങളിലും മാലിന്യ പരിപാലന സന്ദേശവുമായുള്ള സന്ദർശന ക്യാമ്പയിൻ നടത്തുക.

**9. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശുചിത്വ ഓഡിറ്റിംഗ് നവംബർ-14:** കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശുചിത്വ മികവ് ഓഡിറ്റ് ചെയ്യൽ. കഴിഞ്ഞ

വർഷം കുട്ടികളുടെ നേതൃത്വത്തിൽ നന്നായി നടന്ന ശുചിത്വ ഓഡിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായി സ്വീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യു. ശുചിത്വ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ശുചിത്വ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയും നവംബർ 14ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടക്കുന്ന **"കുട്ടികളുടെ ഹരിതസഭ"** യിൽ പൊതു വിലയിരുത്തൽ നടത്തുവാനുള്ള നടപടി സ്വീകരിക്കണം.

**10. കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG" -** നവംബർ 15 -ഡിസംബർ 15: കുട്ടികൾക്ക് അവരുടെ സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മാലിന്യസംസ്കരണ സംവിധാനങ്ങളെ വിലയിരുത്തി റാങ്ക് നിശ്ചയിക്കാനുള്ള അവസരം ഒരുക്കുക. ഇതിനായി ഓരോ LSG യിൽ നിന്നും കുട്ടികളുടെ ഹരിതസഭയിൽ പങ്കെടുത്ത 3 മുതൽ 5 വിദ്യാർത്ഥികളെയും അവതരണം നടത്താനായി LSGയിൽ നിന്നും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിൽ (ഒരു വിദ്യാലയത്തിൽ വച്ച് സ്കൂൾ/ കോളേജ് ആകാം) തദ്ദേശ സ്വയംഭരണ സ്ഥാപനം മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവതരണം നടത്തുന്നു. തുടർന്ന് LSG കൾ പ്രതികരണം നടത്തുകയും ചെയ്യുക. ഇത് രണ്ടും കേട്ട് വിലയിരുത്താൻ വിദ്യാർത്ഥികളുടെ മറ്റൊരു ജൂറി ടീം ഉണ്ടാകും. ഈ അവതരണങ്ങളിലും ചർച്ചയിലും നിന്നും ഏറ്റവും മെച്ചപ്പെട്ടതിനെ തിരഞ്ഞെടുത്ത് **കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG"** എന്ന സന്ദേശം വരുന്ന മൊമന്റോയും സർട്ടിഫിക്കറ്റും നൽകുകയും ചെയ്യുക.

**11. മികച്ച ശുചിത്വ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള സ്കൂളുകൾക്ക് ഗ്രീൻ റോളിങ് ട്രോഫി:** ഈ അധ്യയന വർഷം ആരംഭിച്ച് അടുത്ത മാർച്ചിനുള്ളിൽ മികച്ച രീതിയിലുള്ള ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയതും മാതൃക പരമായ മാറ്റങ്ങൾ വന്നതുമായ സ്കൂളുകൾക്ക് പ്രത്യേക അഭിനന്ദനം നൽകണം. ജൈവ-അജൈവ മാലിന്യ സംസ്കരണ ഉപാധികൾ നന്നായി പ്രവർത്തിക്കുകയും, ക്ലാസ്സ്റൂം, സ്കൂൾ പൊതുയിടം എന്നിവ നന്നായി പരിചരിക്കുകയും, കുട്ടികളുടെ മനോഭാവത്തിലും ശീലത്തിലും നല്ല മാറ്റങ്ങൾ കൊണ്ടുവന്നിട്ടുമുള്ള സ്കൂളുകൾക്ക് ഉപജില്ലാ അടിസ്ഥാനത്തിൽ ഗ്രീൻ റോളിങ് ട്രോഫി നൽകി പ്രോത്സാഹിപ്പിക്കുക. മൂന്ന് വർഷം തുടർച്ചയായി ലഭിച്ചാൽ അങ്ങനെയുള്ള

സ്ഥാപനങ്ങൾക്ക് പ്രത്യേകഗ്രീൻ അച്ചീവ്മെന്റ് അവാർഡും നൽകാവുന്നതാണ്.

**12. വിദ്യാർത്ഥികൾക്കായി കേരളത്തിലെ ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കിലയുടെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്:** തദ്ദേശ സ്വയംഭരണ വകുപ്പ് കിലയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പഠിക്കുന്നതിനും മനസിലാക്കുന്നതിനും ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കേരളത്തിൽ പിന്തുടർന്ന് വരുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണത്തെ പഠിക്കുവാനും ഈ ഓൺലൈൻ കോഴ്സിലൂടെ സഹായകരമാകും. സാമൂഹിക തലത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ ഇടപെടുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റിന് തദ്ദേശ സ്ഥാപന തലങ്ങളിലെ പ്രവർത്തനങ്ങൾക്കും തുടർ പഠനം / തൊഴിൽ പരിശീലനത്തിനും സഹായകരമാകും.

**13. കുട്ടികളുടെ സംസ്ഥാന ജില്ലാ തല ശില്പശാല:** “മാലിന്യ മുക്തം നവകേരളം” ക്യാമ്പയിന്റെ ഭാഗമായി നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി നിരവധി വിദ്യാർത്ഥികൾ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ സ്വതന്ത്രമായി ഏറ്റെടുത്തു നടത്തുന്നുണ്ട്.

**14. പ്രോജക്ട് പ്രവർത്തനങ്ങൾ:** ജൈവ- അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്രവർത്തനങ്ങളും കുട്ടികൾക്ക് നിരീക്ഷിക്കാനായി പഠന-നിരീക്ഷണ പ്രവർത്തനങ്ങൾ നൽകുക. ജൈവ മാലിന്യത്തിന്റെ വിഘടനം, സൂക്ഷ്മ ജീവികളുടെ പ്രവർത്തനം, അജൈവ പാഴ്വസ്തുക്കളുടെ അളവ് കുറയ്ക്കൽ, പുനഃചക്രമണം, മാലിന്യം ഉണ്ടാക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തുടങ്ങിയവ ആസ്പദമാക്കിയുള്ള പ്രൊജക്റ്റ് വർക്കുകൾ കുട്ടികൾക്ക് നൽകുക. ജൈവ മാലിന്യ സംസ്കരണത്തിലൂടെ ഉണ്ടാക്കുന്ന വളം ഉപയോഗിച്ച് സ്ക്കൂളിൽ കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

## <u>അനുബന്ധം- 3</u>

## <u>വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധം, ശുചിത്വം തുടങ്ങിയ പരിപാടികൾക്കായുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സംയോജിത സമയക്രമം</u>

| ക്രമ. നം | സമയ ക്രമം | പരിപാടി |
|---|---|---|
| 1 | ജൂൺ 3 നു ഉള്ളിൽ | • പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തൽ . **(സ്കൂളിന് ഉള്ളിൽ നടക്കുന്ന പ്രവർത്തനം)** |
| 2 | ജൂൺ 3 | • പ്രവേശനോത്സവം ഹരിതചട്ടം പാലിച്ച് നടത്തുവാനുള്ള പരിപാടികൾ **(സ്കൂളിന് ഉള്ളിൽ നടക്കുന്ന പ്രവർത്തനം)** |
| 3 | ജൂൺ 5 | • പരിസ്ഥിതിദിനത്തിൽ സ്കൂൾ അസംബ്ലിയിൽ മാലിന്യ സംസ്കരണത്തെ കുറിച്ച് സംസാരിക്കാൻ ഹരിതകർമ സേനയെ ക്ഷണിക്കുകയും, അവർക്ക് സ്കൂൾ വക ആദരവ് നല്കുന്ന പരിപാടികൾ, മറ്റ് അനുബന്ധ പരിപാടികൾ<br>• ഇതിന്റെ തുടർച്ചയായി ജൂൺ മാസത്തിൽ ശുചിത്വ ക്ലബ് രൂപീകരണം **(സ്കൂളിന് ഉള്ളിൽ നടക്കുന്ന പ്രവർത്തനം)** |
| 4 | ജൂൺ 26 | • ആന്റി നാർക്കോട്ടിക് ദിനത്തിൽ കുട്ടികളുടെ പാർലിമെന്റ് |
| 5 | ആഗസ്റ്റ്, സെപ്റ്റംബർ, | • സ്കൂൾ തല ഗ്രേഡിംഗ് - സ്കൂളിലെ ശുചിത്വം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ |

| | | |
|---|---|---|
| | ഒക്ടോബർ | കുട്ടികൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിലയിരുത്തി ഒക്ടോബർ മാസം സ്കൂളിനെ ഗ്രേഡ് ചെയ്യുക. **(സ്കൂളിന് ഉള്ളിൽ നടക്കുന്ന പ്രവർത്തനം)** |
| 6 | ഒക്ടോബർ 2 & ഒക്ടോബർ 5,6 | • ഏകദേശം 50 ലക്ഷം സ്കൂൾ-കോളേജ് വിദ്യാർഥി ശുചിത്വ അബാസിഡറുമാരുടെ നേതൃത്വത്തിൽ ഒക്ടോബർ 2നു രാവിലെ മുഴുവൻ വീടുകളിലും 5,6 തീയ്യതികളിൽ മുഴുവൻ സ്ഥാപനങ്ങളിലും മാലിന്യ പരിപാലന സന്ദേശവുമായുള്ള സന്ദർശന ക്യാമ്പയിൻ<br>• ഒക്ടോബർ 2 നു ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കുട്ടികളുടെ താമസസ്ഥലങ്ങളിൽ ജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സംവാദ സദസ്സ്.<br>**(ഗാന്ധി ജയന്തി പ്രവർത്തനവും തുടർന്നുള്ള അവധി ദിനങ്ങളിൽ നടക്കുന്ന പൊതുവായ പ്രവർത്തനം)** |
| 7 | നവംബർ 1 | • മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം വീടുകളിൽ എത്തിക്കുവാനുള്ള പരിപാടി |
| 8 | നവംബർ 14 | • നവംബർ 14 നു രാവിലെ ലഹരി വിരുദ്ധവുമായി ബന്ധപ്പെട്ട് പ്രത്യേക ശിശുദിന അസംബ്ലി<br>• കുട്ടികളുടെ ഹരിതസഭ: ഓരോ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 10 കുട്ടികളെ തദ്ദേശ സ്ഥാപന തലത്തിൽ നടക്കുന്ന ഹരിത സഭയിൽ പങ്കെടുപ്പിക്കുക.**(ശുചിത്വ ക്ലബ്ബിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനം)** |
| 9 | നവംബർ 15-ഡിസംബർ 15 | • കുട്ടികൾക്ക് അവരുടെ സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ |

| | | |
|---|---|---|
| | വരെ | മാലിന്യസംസ്കരണ സംവിധാനങ്ങളെ വിലയിരുത്തി റാങ്ക് ചെയ്യാനുള്ള അവസരം നവംബർ 15- ഡിസംബർ 15 വരെ നൽകുക.<br>• ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടക്കുന്ന ഓരോ സ്കൂളിൽ നിന്നും 3-5 വരെ കുട്ടികളെ, കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG" എന്ന പരിപാടിയിൽ പങ്കെടുപ്പിക്കുക. **(പ്രവർത്തി പരിചയം, അവധി ദിനങ്ങൾ കേന്ദ്രീകരിച്ച് തദ്ദേശ സ്ഥാപനത്തിന്റെ സഹായത്തോടെ നടക്കുന്നു)** |
| **10** | ഡിസംബർ 10 | • മനുഷ്യാവകാശ ദിനത്തിൽ ലഹരി വിരുദ്ധ സെമിനാർ |
| **11** | ജനുവരി 30 | • ലഹരി വിരുദ്ധം- ക്ലാസ് സഭകൾ |

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് മയക്കുമരുന്ന് വ്യാപന സാധ്യത ഇല്ലാതാക്കുന്നതിനുമുള്ള വിഷയങ്ങളും ചർച്ച ചെയ്യുന്നതിന് ബഹു. എക്സൈസ് മന്ത്രി, ബഹു. പൊതുവിദ്യാഭ്യാസ മന്ത്രി, ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ 22/05/2024- ന് ലയം ഹാളിൽ വച്ച് നടന്ന യോഗത്തിന്റെ നടപടി കുറിപ്പുകൾ**

യോഗം കൃത്യം 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ആമുഖമായി സംസാരിച്ച ബഹു.എക്സൈസ് വകുപ്പ് മന്ത്രി വിമുക്തിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുവാനായി എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെട്ടു. തുടർന്ന് വിമുക്തിയുടെ കീഴിലുള്ള വിവിധ ലഹരി വിരുദ്ധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ച എക്സൈസ് കമ്മീഷണർ, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04.05.2024-ന് നടന്ന യോഗ തീരുമാനങ്ങളിലെ കലണ്ടർ പ്രകാരമുള്ള പരിപാടികൾ സംഘടിപ്പിക്കാനുള്ള നടപടികൾ എക്സൈസ് വകുപ്പും വിമുക്തിയും സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചു. റീജിയണൽ ജുഡീഷ്യൽ കൊളോക്കിയത്തിന്റെ ഭാഗമായി ഹൈക്കോടതിയുടെ നിർദേശ പ്രകാരം എക്സൈസ് വകുപ്പ് തയ്യാറാക്കിയ "Standard Operating Procedure" തുടർ നടപടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ടെന്ന് എക്സൈസ് കമ്മീഷണർ കൂട്ടിച്ചേർത്തു. പ്രസ്തുത "Standard Operating Procedure" പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചതായും അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നതായും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ ലഹരി ഉപഭോഗം കണ്ടു വരുന്നതിനാൽ പ്രസ്തുത " Standard Operating Procedure" ലെ മാർഗ്ഗനിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കൂടി നടപ്പിലാക്കുന്നതിനായി ലഭ്യമാക്കണമെന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. അതിന് മറുപടിയായി എക്സൈസ് വകുപ്പ് തയ്യാറാക്കിയ "Standard Operation Procedure" ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൂടി ലഭ്യമാക്കണമെന്നും ലഹരി സംബന്ധമായി വിവരങ്ങൾ നൽകുന്നതിനായി എക്സൈസ് വകുപ്പ് സജ്ജീകരിച്ച വാട്ട്സാപ്പ് നമ്പർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൂടി നൽകണമെന്നും ബഹു. എക്സൈസ് വകുപ്പ് മന്ത്രി നിർദേശിച്ചു.

ലഹരി സംബന്ധമായ വിവരങ്ങൾ കൈമാറുന്നവരുടെ വിവരം രഹസ്യമായി സൂക്ഷിക്കുകയും സംരക്ഷണം ഉറപ്പാക്കുകയും ചെയ്തില്ലെങ്കിൽ ലഹരിയുമായി ബന്ധപ്പെട്ടവരിൽ നിന്ന് അവർക്ക് ഭീഷണി ഉണ്ടാകുകയും അത് മൂലം ലഹരി സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർ അതിൽ നിന്ന് പിൻമാറുമെന്നും, അവർക്ക് ആവശ്യമായ സംരക്ഷണം നൽകേണ്ടത് പോലീസ് വകുപ്പ് ആയതിനാൽ ഇത് സംബന്ധിച്ച് കൂടുന്ന അടുത്ത യോഗങ്ങളിൽ പോലീസ് വകുപ്പിൽ നിന്നുള്ള ഒരു ഉന്നത ഉദ്യോഗസ്ഥനെ കൂടി പങ്കെടുപ്പിക്കണമെന്നും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് വിമുക്തി മിഷൻ കോർഡിനേറ്റർ വിമുക്തി മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന പദ്ധതികൾ സംബന്ധിച്ച് വിശദീകരിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിമുക്തി മിഷൻ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നതായും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും വാർഡ് തലത്തിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നായതിനാൽ, പ്രസ്തുത ജനജാഗ്രതാ സമിതി എല്ലാ തദ്ദേശസ്വയംഭരണ തലത്തിലും രൂപീകരിച്ച് അവയുടെ പ്രവർത്തനം ശക്തമാക്കാൻ ആവശ്യമായ നിർദേശം സർക്കാർ തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകണമെന്നും, ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വളരെ ചെറുപ്പത്തിലെ കുട്ടികൾക്ക് നല്കുന്നതിനായി LP/UP തലത്തിൽ "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതായും വിമുക്തി കോർഡിനേറ്റർ അഭിപ്രായപ്പെട്ടു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ് എന്നീ വകുപ്പുകൾ അധ്യയന ദിവസം നഷ്ടപ്പെടുത്താതെ ഒരു ജോയിന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കണമെന്നും പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകണമെന്നും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

ലഹരിയിലേയ്ക്കുള്ള ആസക്തി കുറക്കുന്നതിന് കായിക വിനോദങ്ങൾക്ക് വളരെയധികം പങ്ക് വഹിക്കാൻ കഴിയുമെന്നും എല്ലാ കുട്ടികളും കായിക മൽസരങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഒരു

5. വിമുക്തി മിഷൻ നടത്തുന്ന വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കായിക യുവജനകാര്യ വകുപ്പിനെ കൂടി പങ്കെടുപ്പിക്കണം. (നടപടി- എക്സൈസ് വകുപ്പ് )

യോഗം 12.30 ന് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീമതി. ശാരദ മുരളീധരൻ IAS, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡോ. ഷർമിള മേരി ജോസഫ് IAS , പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീമതി. ഇഷിതാ റോയ് IAS, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. ശ്രീമതി. റാണി ജോർജ്ജ് IAS, പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. മഹിപാൽ യാദവ് IPS, എക്സൈസ് കമ്മീഷണർ
6. ശ്രീ. സലിം വി എ, ജോയിന്റ് എക്സൈസ് കമ്മീഷണർ, വിമുക്തി മിഷൻ കോർഡിനേറ്റർ
7. ശ്രീ. ജയപ്രകാശ്. ആർ. കെ, ഡയറക്ടർ, SCERT
8. ഡോ രാജശ്രീ. എം.എസ്, ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ (In- Charge)
9. ശ്രീ. സുനിൽ ജോൺ, ഡെപ്യൂട്ടി ഡയറക്ടർ, കൊളീജിയറ്റ് എഡ്യുക്കേഷൻ.

M B RAJESH
MINISTER

കായിക സംസ്കാരം വളർത്തിയെടുക്കണമെന്നും അതിലേക്കായി തദ്ദേശ സ്വയംഭരണ വകുപ്പിനെ കൂടി ഉൾപ്പെടുത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ലഹരി ഉപഭോഗത്തിലേയ്ക്ക് തിരിയാതെ കുട്ടികളുടെ ശ്രദ്ധ കായിക വിനോദങ്ങളിലേയക്ക് കൂടുതൽ കേന്ദ്രീകരിക്കുന്നതിനായി കായിക വകുപ്പിനെ കൂടി ഈ പരിപാടിയുടെ ഭാഗമാക്കാവുന്നതും, കുട്ടികൾക്ക് നീന്തൽ പോലുള്ള കായിക വിനോദങ്ങൾക്കുള്ള പരിശീലനം നൽകാവുന്നതാണെന്നും ബഹു. എക്സൈസ് മന്ത്രി കൂട്ടിച്ചേർത്തു.

വിശദമായ ചർച്ചയ്ക്ക് ശേഷം യോഗം ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

**തീരുമാനങ്ങൾ**

1. 04.05.2024- ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളിലെ കലണ്ടർ പ്രകാരമുള്ള എല്ലാ പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കണം. (നടപടി- എക്സൈസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്)

2. Regional Judicial Colloquium-ന്റെ ഭാഗമായി ഹൈക്കോടതിയുടെ നിർദേശപ്രകാരം എക്സൈസ് വകുപ്പ് തയ്യാറാക്കിയ "Standard Operation Procedure" ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം (നടപടി- എക്സൈസ് വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്).

3. ലഹരി സംബന്ധമായി പരാതികൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി സ്കൂളുകളിലെ ജനജാഗ്രതാ സമിതികൾക്ക് നൽകിയിട്ടുള്ള Whatsapp നമ്പർ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. (നടപടി- എക്സൈസ് വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്).

4. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, എക്സൈസ് എന്നീ വകുപ്പുകൾ അധ്യയന ദിവസം നഷ്ടപ്പെടുത്താതെ ഒരു ജോയിന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കണം (നടപടി- എക്സൈസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്)